(ഇ) എഞ്ചിനീയർമാരുടെ സാമ്പത്തികവും സാങ്കേതികവുമായ അധികാരങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) ഇല്ല.

നിയമവിരുദ്ധമായ ടെൻഡറുകൾ

194 (4548) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പിൽ നടന്ന ടെന്ററുകളിൽ നിയമവിരുദ്ധമായോ ചട്ടവിരുദ്ധമായോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായ പരാതി പരിഗണനയിലുണ്ടോ ;

(ബി) ടെൻഡർ എക്സസ് നൽകാൻ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരിദ്ധമായി ടെൻഡർ എക്സസ് നൽകാൻ നടപടികൾ സ്വീകരിച്ചതായി പരാതിയുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഇടുക്കി നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. ജോസഫ് ചട്ടവിരുദ്ധമായി പദ്ധതിയേതര പ്രവൃത്തികളുടെ ദർഘാസ് ക്ഷണിച്ചിരുന്നു. പ്രസ്തുത നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപ്രകാരം ദർഘാസുകൾ ക്ഷണിച്ച എല്ലാ പ്രവൃത്തികളും റദ്ദാക്കുകയും പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയറെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്.

(ബി) ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് അഞ്ചു ശതമാനം ടെൻഡർ എക്സസ് അനുവദിക്കുന്നതിന് അധികാരമുണ്ട്. മുന്നു കോടിരൂപ വരെ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്ക് (2009 SOR) 10% ടെൻഡർ എക്സസ് നൽകുന്നതിന് ചീഫ് എഞ്ചിനീയർക്കും അതിനുമുകളിൽ എല്ലാ പ്രവൃത്തികൾക്കും ടെൻഡർ എക്സസ് നൽകുന്നത് സർക്കാർ ഉത്തരവിലൂടെയുമാണ്. പത്തു ശതമാനത്തിനു മുകളിൽ ടെൻഡർ എക്സസ് നൽകുന്നത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയ കമ്പോള നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി താരതമ്യ പഠനം നടത്തിയാണ്.

(സി) പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly